(സി) പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനും നിശ്ചയിച്ചിട്ടുണ്ട്. കൃഷി ഭവന്റെ പേരും ടാർജറ്റും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കൃഷി ഭവൻ | കാർഷിക വയൽ വിദ്യാലയം |
|---|---|---|
| | | ടാർജറ്റ് എണ്ണം |
| 1 | തലയാഴം | 1 |
| 2 | ഉദയനാപുരം | 1 |
| 3 | വെള്ളൂർ | 1 |
| 4 | തലയോലപ്പറമ്പ് | 1 |
| 5 | കല്ലറ | 1 |
| | ആകെ | 5 |

**വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

244 (1683) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(സി) ജില്ലയിൽ ആധുനിക ഇഞ്ചി സംസ്കരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. വിലയിലെ അസ്ഥിരത: കഴിഞ്ഞ വർഷം ഒരു ചാക്ക് (60 കിലോഗ്രാം) പച്ച ഇഞ്ചിക്ക് 7000 രൂപ വരെ വില വന്നിരുന്നത് ഈ വർഷം 1500 രൂപ ആയി.

2. വർദ്ധിച്ച കൃഷി ചെലവ് : കൃഷി ചെലവ് ഏക്കറിന് ഒരു ലക്ഷം രൂപയിൽ അധികമാണ്. എന്നാൽ, ഡവലപ്മെന്റ് ഓഫ് സ്പൈസസ് പദ്ധതി പ്രകാരവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ഇഞ്ചി കൃഷിക്ക് ഏക്കറിന് 5000 രൂപ മാത്രമാണ് ധനസഹായമായി നൽകുന്നത്. ഇതിനാൽ, വയനാട് ജില്ലയിലെ ധാരാളം കർഷകർ കർണ്ണാടക സംസ്ഥാനത്ത് പോയി ഭൂമി പാട്ടത്തിന് എടുത്ത് ഇഞ്ചി കൃഷി ചെയ്യുന്നുണ്ട്.

3. കീടരോഗബാധ : 'മഹാളി' എന്ന് കൃഷിക്കാർ വിളിക്കുന്ന 'സോഫ്റ്റ് റോട്ട്' എന്ന രോഗം വ്യാപകമായി കാണുന്നു.

(ബി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ഒന്ന് വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മൊത്തവ്യാപാര വിപണികളിൽ നേരിട്ട് എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിനനുസരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലവും ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതുമൂലവും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു.

(സി) വയനാട് ജില്ലയിൽ വാല്യു അഡീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ഐ.ഐ.എസ്.ടി. (National Institute for Interdisciplinary Science and Technology)-യും എം.ആർ.സി.എം.പി.യു. (Malabar Regional Co-operative Milk Producers Union Ltd)-വും സംയുക്തമായി 255.27533 ലക്ഷം രൂപയുടെ ഇഞ്ചി സംസ്കരണത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**ഭക്ഷ്യവസ്തുക്കളിലെ അമിത കീടനാശിനി പ്രയോഗം**

245 (1685) ശ്രീ. ടി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങളിലേയും പഴം, പച്ചക്കറി എന്നിവയിലേയുംഅമിത കീടനാശിനി പ്രയോഗംമൂലം സംസ്ഥാനത്ത് ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി പടരുന്ന സാഹചര്യത്തിൽ വിഷവിമുക്ത ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ജൈവ കൃഷിരീതി വ്യാപകമാക്കുന്നതിന് ബോധവത്ക്കരണവും മറ്റ് സഹായങ്ങളും കൃഷി ഭവനുകൾവഴി നടപ്പാക്കുന്നത് കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly